TB Movie Panel Weekly Review

**#moviepanel**

വേലുക്കാക്ക ഒപ്പ് കാ

Written By ആതിര ചാന്ദിനി

ഇന്ദ്രൻസ് പ്രധാന കഥാപാത്രത്തിൽ എത്തി ശ്രീ അശോക് ആർ കാലിൽ കഥയും സംവിധാനവും നിർവഹിച്ച 'വേലുക്കാക്ക ഒപ്പ് കാ ' എന്ന സിനിമ NEESTREAM എന്ന OTT പ്ലാറ്റഫോമിലൂടെ 06 -07 -2021 നു നമുക്ക് മുന്നിൽ എത്തി

റിലീസിന് മുൻപും ശേഷവും അധികം ചർച്ച ചെയ്യു കേൾക്കാഞ്ഞ സിനിമ ശ്രദ്ധിക്കാനുണ്ടായ കാരണം' വേലുക്കാക്ക ഒപ്പ് കാ' എന്ന വ്യത്യസ്തമായ പേര് തന്നെ.

സിനിമ മുന്നോട്ടു വയ്ക്കുന്ന പ്രമേയം മലയാള സിനിമയ്ക്കു ഒട്ടും തന്നെ അപരിചിതമല്ല.

വാർദ്ധക്യത്തിലെ ഒറ്റപ്പെടൽ, ചെയ്യുന്ന ജോലിക്കു സ്റ്റാറ്റസ് ഇല്ലെന്ന പേരിൽ അവഗണിക്കപ്പെടുന്ന സമൂഹത്തിലെ ചില വിഭാഗക്കാർ, തുടങ്ങി മലയാള സിനിമ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ തന്നെയാണെങ്കിലും വേലുക്കാക്ക എന്ന സിനിമ അക്കൂട്ടത്തിൽ നിന്നെല്ലാം മാറ്റി നിർത്തപ്പെടേണ്ടത് ഇന്ദ്രൻസ് എന്ന നടന്റെ അഭിനയ മികവ് ഒന്ന് കൊണ്ട് തന്നെയാണ്.

സിനിമയിലുടനീളം അദ്ദേഹം വേലുക്കാക്ക ആയി അഭിനയിക്കുകയായിരുന്നില്ല ...അയാൾ വേലുക്കാക്ക ആയി ജീവിക്കുകയായിരുന്നു.

കൊമേർഷ്യൽ സിനിമ ഗണത്തിൽ പെടുത്താൻ കഴിയാത്തതിനാൽ ശ്രദ്ധിക്കപ്പെടാൻ സാധ്യത കുറവുള്ള സിനിമ വേലുക്കാക്ക യായുള്ള ഇന്ദ്രൻസ് എന്ന നടന്റെ നടന മികവുകൊണ്ടു തന്നെ അവഗണിക്കാൻ കഴിയില്ല.അത് ശ്രദ്ധിക്കപ്പെടേണ്ടതും..ചർച്ച ചെയ്യപ്പെടേണ്ടതും..അംഗീകരിക്ക പ്പെടേണ്ടതും ആണ്.

തന്റെ പ്രായത്തെ വക വയ്ക്കാതെ അധ്വാനിക്കുന്ന, വൈകുന്നേരങ്ങളിൽ സാക്ഷരതാ ക്ലാസ്സിൽ പോകുന്ന തന്നോട് പറയുന്ന എന്ത് പണിയും മടിയില്ലാതെ അറപ്പില്ലാതെ ചെയ്യുന്ന ,മൃഗ സ്നേഹിയായ, പ്രകൃതി സ്നേഹിയായ വേലു.(അതാണ് അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ).

വേലുവും ഭാര്യയും മകനും അവരുടെ ജീവിതവും പിണക്കവും

സ്നേഹവുമൊക്കെ തന്നെയാണ് സിനിമ പറഞ്ഞു പോകുന്നത്.

സിനിമയിൽ എടുത്തു പറയേണ്ട മറ്റൊരു കാര്യം സിനിമയിലെ പശ്ചാത്തല സംഗീതവും ഗാനങ്ങളുമാണ്.

വളരെ വൈകാരിക തലങ്ങളിലൂടെ കടന്നു പോകുന്ന സിനിമയിൽ ഇന്ദ്രൻസ് എന്ന നടന്റെ നിസ്സംഗമായ ഒരു നോട്ടം പോലും നമ്മുടെ കണ്ണിനെ ഈറനണിയിക്കും എന്ന് തീർച്ച.

വാർദ്ധക്യത്തിന്റെ ഏകാന്തതയിൽ പെട്ട് കിടക്കുന്ന അവരിലേക്ക് പ്രതീക്ഷകളുമായി വന്നെത്തുന്ന ഒരു ഓണക്കാലം എന്തൊക്കെ മാറ്റങ്ങൾ ആകും വരുത്തിയിട്ടുണ്ടാവുക.

കാര്യമായ സാമ്പത്തിക പ്രശ്നങ്ങളോ ആരോഗ്യ പ്രശ്നങ്ങളോ അലട്ടാത്ത , അധ്വാനിച്ചു അഭിമാനത്തോടെ പണി എടുക്കുന്ന വേലുക്കാക്കയോട് സിനിമയുടെ ക്ലൈമാക്സ് നീതി പുലർത്തിയോ?

സിനിമ കണ്ടു കഴിഞ്ഞു ദിവസങ്ങൾ കഴിഞ്ഞും മനസ്സിൽ വിങ്ങലോടെ നിറഞ്ഞു നിൽക്കുകയാണ് വേലുക്കാക്കയും അദ്ദേഹത്തിന്റെ ആ നിഷ്കളങ്കമായ ചിരിയും.

അഭിനയത്തിന്റെ 40 വർഷങ്ങൾ പിന്നിടുമ്പോൾ ഇന്ദ്രൻസ് എന്ന നടന് അപ്പോത്തിക്കിരി , ആളൊരുക്കം, വെയിൽമരങ്ങൾ ഈ കൂട്ടത്തിലേക്കു ചേർത്ത് വയ്ക്കാൻ ഒരു സിനിമ കൂടി...
വേലുക്കാക്ക ഒപ്പു കാ